**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2509** **23-02-2026 - ൽ മറുപടിയ്ക്ക്**

**എം. എസ്. എം. ഇ കൾ ഉൾപ്പെടെയുള്ള വ്യവസായ സംരംഭങ്ങളുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ യുവജനങ്ങൾക്ക് സംസ്ഥാനത്തിനകത്ത് തന്നെ തൊഴിൽ ചെയ്യാനാകുംവിധം സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിൽ എം. എസ്. എം. ഇ കൾ ഉൾപ്പെടെയുള്ള വ്യവസായ സംരംഭങ്ങൾക്ക് വലിയ പങ്ക് വഹിക്കാനാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | കേരളത്തിലെ യുവജനങ്ങൾക്ക് സംസ്ഥാനത്തിനകത്ത് തന്നെ തൊഴിൽ ചെയ്യാനാകും വിധം സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിൽ എം. എസ്. എം. ഇ കൾ ഉൾപ്പെടെയുള്ള വ്യവസായ സംരംഭങ്ങൾക്ക് വലിയ പങ്ക് വഹിക്കാനാകുമെന്നത് പരിശോധിച്ചിട്ടുണ്ട്,<br><br>കേരളത്തിലെ യുവജനങ്ങൾക്ക് സംസ്ഥാന ത്തിനകത്ത് തന്നെ തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിൽ എം.എസ്.എം.ഇ (MSME) മേഖല വലിയ പങ്ക് വഹിക്കുന്നുണ്ട്. അഭ്യസ്തവിദ്യരായ യുവാക്കളുടെ വിദേശത്തേക്കും മറ്റ് സംസ്ഥാന ങ്ങളിലേക്കുമുള്ള കുടിയേറ്റം കുറയ്ക്കുന്നതിനും പ്രാദേശികമായി സുസ്ഥിരമായ തൊഴിൽ സാഹചര്യങ്ങൾ ഒരുക്കുന്നതിനും ചെറുകിട-ഇടത്തരം സംരംഭങ്ങൾ അത്യന്താപേക്ഷിതമാണ്. സംരംഭക വർഷം (Year of Enterprises) പദ്ധതിയിലൂടെ 2022 ഏപ്രിൽ മുതൽ 2026 ഫെബ്രുവരി 17 വരെയുള്ള കാലയളവിൽ 405,674 പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും അതു വഴി 27,093 കോടി രൂപയുടെ നിക്ഷേപവും 864,162 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു.<br>പുതിയ വ്യവസായ നയത്തിൽ 22 മുൻഗണനാ മേഖലകളെ (Priority Sectors) തിരിച്ചറിഞ്ഞിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയിലും ഹൈടെക് ഉൽപ്പാദനത്തിലും അധിഷ്ഠിതമായ ഇത്തരം സംരംഭങ്ങൾ വഴി യുവാക്കൾക്ക് സ്വന്തം നാട്ടിൽ അന്താരാഷ്ട്ര നിലവാരമുള്ള ജോലി ഉറപ്പാക്കുകയാണ് ലക്ഷ്യം.<br><br>യുവജനങ്ങളെ വ്യവസായങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പ്രാപ്തരാക്കാൻ നൈപുണ്യ പരിശീലനവും സാമ്പത്തിക സഹായവും സർക്കാർ നൽകുന്നു. |

സംസ്ഥാനത്തിന്റെ സമഗ്ര വികസനവും ഉയർന്ന തൊഴിൽസാദ്ധ്യതയും ലക്ഷ്യമാക്കി കേരളത്തെ കൂടുതൽ സംരംഭക സൗഹൃദ സംസ്ഥാനമായി മാറ്റിയെടുക്കേ ണ്ടതിന്റെ ആവശ്യകത സർക്കാർ വ്യക്തമായി തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി വ്യവസായ–സംരംഭകർക്കു അനുകൂലമായ നയപരിഷ്കരണങ്ങൾ, ഭരണപരമായ ലളിതമാക്കൽ നടപടികൾ, ലൈസൻസിംഗ് സംവിധാനങ്ങളുടെ ലളിതീകരണം, ഡിജിറ്റലൈസേഷൻ, അടിസ്ഥാന സൗകര്യങ്ങളുടെ ശക്തീകരണം എന്നിവ സർക്കാർ തുടർച്ചയായി നടപ്പിലാക്കി വരുന്നു. പ്രത്യേകിച്ച് എം. എസ്. എം. ഇ. മേഖലയാണ് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്ന മേഖലയെന്ന തിരിച്ചറിവോടെയാണ് സർക്കാർ പ്രവർത്തിച്ചുവരുന്നത്. ചെറുകിട, സൂക്ഷ്മ, ഇടത്തരം സംരംഭങ്ങൾ പ്രാദേശിക വിഭവങ്ങളും കഴിവുകളും പ്രയോജനപ്പെടുത്തി ജില്ലാതലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ യുവജനങ്ങളുടെ വിദേശഗമനം കുറയ്ക്കുന്നതിനും സഹായകരമാകുന്നു.

കേരള വ്യവസായ നയം 2023-ൽ പ്രാദേശിക തൊഴിലാളികളുടെ തൊഴിൽ ലഭ്യതയെ മുൻനിർത്തുന്ന സ്വതന്ത്രമായ “Employment Enhancer Incentive” ഉൾപ്പെടുത്തിയിരിക്കുന്നത് സംസ്ഥാന സർക്കാർ പ്രാദേശിക തൊഴിൽ ശക്തിപ്പെടുത്തുന്നതിൽ പുലർത്തുന്ന വ്യക്തമായ പ്രതിബദ്ധതയുടെ ഉത്തമ ഉദാഹരണമാണ്. ഈ ആനുകൂല്യം പ്രകാരം, ഒരു സംരംഭത്തിലെ സ്ഥിര പദവികളിൽ 50 ശതമാനത്തിലധികം പ്രാദേശിക ജനതയിൽപ്പെട്ട ആളുകൾക്ക് തൊഴിൽ നൽകുന്ന സ്ഥാപനങ്ങൾക്ക്, അപ്രകാരമുള്ള ഓരോ തൊഴിലാളി യുടെയും മാസ ശമ്പളത്തിന്റെ 25 ശതമാനം വരെ (പരമാവധി ₹5,000/- പ്രതിമാസം) ഒരു വർഷത്തേക്ക് തിരികെ നൽകുന്ന പ്രോത്സാഹനം അനുവദിച്ചിട്ടുണ്ട്. എം.എസ്.എം.ഇ.കൾ ഉൾപ്പെടെയുള്ള വ്യവസായ ങ്ങൾക്ക് പ്രാദേശിക യുവജനങ്ങളെ നിയമിക്കുന്നതിൽ സാമ്പത്തിക പ്രേരണ നൽകുന്നതിനും സംസ്ഥാന ത്തിനകത്ത് തന്നെ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇതുവഴി തൊഴിലവസരങ്ങളുടെ വ്യാപ്തിയും വൈവിധ്യവും വർധിപ്പിക്കുന്നതോടൊപ്പം, പ്രാദേശിക മനുഷ്യവിഭവ ശേഷി ഫലപ്രദമായി വിനിയോഗിക്കുന്ന നയപരമായ ഇടപെടലാണ് ഈ വ്യവസായ നയം നടപ്പിലാക്കിയിരിക്കുന്നത് എന്ന് വ്യക്തമാകുന്നു

കൂടാതെ **2023** മുതൽ നടപ്പിലാക്കി വരുന്ന ‘Year of

| | | | |
|---|---|---|---|
| | | | Enterprises' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഏകദേശം 4,05,000-ത്തിലധികം പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുവഴി ഏകദേശം ₹27,000 കോടിയിലധികം നിക്ഷേപം ആകർഷിക്കപ്പെടുകയും 8.6 ലക്ഷത്തിലധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ നേട്ടങ്ങൾ എം. എസ്. എം. ഇ. മേഖലയുടെ ശേഷിയും യുവജന തൊഴിൽ സൃഷ്ടിയിൽ അതിന്റെ നിർണായക പങ്കും തെളിയിക്കുന്നതാണ്.<br>കാലാനുസൃതമായ മാറ്റങ്ങൾ ലാൻഡ് പോളിസിയിൽ ഉൾപ്പെടുത്തുന്നതിനോടൊപ്പം, സംരംഭകരുടെ ഭാരം ലഘൂകരിച്ച് സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിന് നിരവധി നയപരിഷ്കാരങ്ങൾ കിൻഫ്ര നടപ്പിലാക്കിയിട്ടുണ്ട്. Unified Land Policy യൂണിറ്റുകൾ ട്രാൻസ്ഫർ ചെയ്യാനും constitution മാറ്റുന്നതിനും ലളിതമായ വ്യവസ്ഥകൾ നടപ്പിലാക്കിയതും ഉയർന്ന നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് നീണ്ട ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിലുള്ള തിരിച്ചടവ് പദ്ധതികളും വഴി ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള കമ്പനികളുടെ നിക്ഷേപം ആകർഷിക്കാൻ കഴിഞ്ഞു. കിൻഫ്ര പാർക്കിൽ കേരള സ്റ്റാർട്ടപ്പ് മിഷനും വിവിധ ഇൻക്യൂബേഷൻ സെന്ററുകളും പ്രവർത്തിച്ചുവരുണ്ട്. ഈ ഏജൻസികൾ യുവ സംരംഭകർക്ക് ആവശ്യമായ എല്ലാ പിന്തുണയും ഉറപ്പാക്കുന്നു. ഇൻക്യുബേറ്റ് ചെയ്ത സംരംഭങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ വികസിപ്പിക്കാനും വേണ്ടിയുള്ള സമഗ്രമായ സഹായ വും കിൻഫ്ര അവർക്ക് നൽകി വരുന്നു. |
| (ബി) | മികവുറ്റ മനുഷ്യവിഭവശേഷിയും ടാലന്റ് പൂളും നിലവിലുള്ള കേരളത്തിൽ വ്യവസായങ്ങൾക്കും സംരംഭങ്ങൾക്കും അനുയോജ്യമായ അന്തരീക്ഷം രൂപപ്പെടുത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | മികവുറ്റ മനുഷ്യവിഭവശേഷിയും ടാലന്റ് പൂളും നിലവിലുള്ള കേരളത്തിൽ വ്യവസായങ്ങൾക്കും സംരംഭങ്ങൾക്കും അനുയോജ്യമായ അന്തരീക്ഷം രൂപപ്പെടുത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.<br>പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ഒരു മികച്ച വ്യവസായ അന്തരീക്ഷം (എക്കോസിസ്റ്റം) സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിക്കുകയും നടപ്പിലാക്കി വരികയും ചെയ്യുന്നു. സംസ്ഥാനത്ത് സംരംഭകർക്ക് അനുകൂലമായ ഒരു വ്യാവസായിക എക്കോസിസ്റ്റം ഉണ്ടാക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി വ്യവസായ നയം, 2023 സ.ഉ (കൈ) നം |

28/2023/ID തീയതി 01/04/2023 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച ഉത്തരവായിട്ടുണ്ട്.

2019 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം, പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് തദ്ദേശസ്വയംഭരണസ്ഥാപനാനുമതി ഉൾപ്പെടെയുള്ള സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് മൂന്ന് വർഷം 6 മാസത്തേയ്ക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. ഈ നിയമ പ്രകാരം ലഭിക്കുന്ന തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം ഉപയോഗിച്ച് കെട്ടിട നമ്പർ ലഭിയ്ക്കാത്ത കെട്ടിടത്തിൽ സംരംഭം തുടങ്ങുന്നതിന് സാധിക്കുന്നതാണ്. തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് കെട്ടിടത്തിനു നൽകപ്പെട്ട താൽക്കാലിക നമ്പരായി ഉപയോഗിക്കാവുന്നതുമാണ്.

ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സമിതികൾ രൂപീകരിച്ചുകൊണ്ട് ആരംഭിച്ച ഗ്രീവൻസ് റിഡ്രസൽ സിസ്റ്റത്തിലൂടെ സംരംഭകരുടെ പരാതികളിൽ 30 ദിവസത്തിനകം തീർപ്പുകൽപ്പിക്കുന്നു. പരാതി പരിഹരിക്കുന്നതിൽ വീഴ്ച വരുത്തിയാൽ ഉദ്യോഗസ്ഥനിൽ നിന്ന് പിഴ ഈടാക്കുന്നതിനും ഈ സംവിധാനത്തിലൂടെ സാധിക്കും. രാജ്യത്ത് തന്നെ ആദ്യമായാണ് ഇത്തരത്തിൽ ഉദ്യോഗസ്ഥനിൽ നിന്ന് പിഴ ഈടാക്കുന്ന സംവിധാനം.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെനിയമിച്ചു. ഇത് കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പദ്ധതികളുടെ നടത്തിപ്പിനായി 1.153 എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ച പ്രവർത്തനം നടത്തിയിരുന്നു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപന തലങ്ങളിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിനു

സഹായകരമാകുന്നുണ്ട്. ഈ സാമ്പത്തിക വർഷം മുതൽ RAMP-പദ്ധതിയുടെ ഭാഗമായി 500 Business Development Service Provider-മാരെ കരാർ വ്യവസ്ഥയിൽ നിയമിച്ച പ്രവർത്തനം നടന്നു വരുന്നു.സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു.

സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി വ്യവസായ വാണിജ്യ വകുപ്പ്, സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) മിനിമം ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കേരളത്തിലെ MSME കളിൽ നിന്നും തിരഞ്ഞെടുത്ത 1000 MSME കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി (മിഷൻ 1000) ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 534 സംരംഭങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയിലെയും സേവന മേഖലയിലെയും യൂണിറ്റുകൾക്ക് ആവശ്യമായ പ്രോൽസാഹനം നല്കുന്നതിനും, വിപണന ശൃംഖല മെച്ചപ്പെടുത്തുന്നതിനും സാങ്കേതിക നവീകരണവും ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര സർക്കാർ റൈസിംഗ് & ആക്സിലറേറ്റിംഗ് എം.എസ്.എം.ഇ പെർഫോമൻസ് (റാംപ്) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

മികവുറ്റ മനുഷ്യവിഭവശേഷിയും ശക്തമായ ടാലൻറ് പൂളും നിലവിലുള്ള കേരളത്തിൽ വ്യവസായങ്ങൾക്കും സംരംഭങ്ങൾക്കും അനുയോജ്യമായ അന്തരീക്ഷം രൂപപ്പെടുത്തുന്നതിൽ സർക്കാർ ഗണ്യമായ മുന്നേറ്റം കൈവരിച്ചിട്ടുണ്ടു.

സംസ്ഥാനത്ത് റിവേഴ്സ് മൈഗ്രേഷൻ വേഗത്തിൽ നടക്കുന്നതായി പ്രമുഖ അന്താരാഷ്ട്ര പ്രൊഫഷണൽ നെറ്റ്വർക്കിംഗ് പ്ലാറ്റ്ഫോമായ LinkedIn പുറത്തിറക്കിയ ടാലൻറ് ഇൻസൈറ്റ്സ് റിപ്പോർട്ട് ഉൾപ്പെടെ വിവിധ പഠനങ്ങൾ വ്യക്തമാക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ കേരളത്തിലെ പ്രൊഫഷണൽ ടാലൻറ് പൂൾ 172 ശതമാനം വളർച്ച

കൈവരിച്ചതായും, കഴിഞ്ഞ വർഷം മാത്രം വിദേശരാജ്യങ്ങളിലെയും അയൽസംസ്ഥാനങ്ങളിലെയും 40,000-ത്തിലധികം ഉന്നത പ്രാവീണ്യമുള്ള പ്രൊഫഷണലുകൾ കേരളത്തിലേക്ക് തിരിച്ചെത്തിയതായും റിപ്പോർട്ട് സൂചിപ്പിക്കുന്നു. ഇവരിൽ 49 ശതമാനം പേർ അമേരിക്ക, ഇംഗ്ലണ്ട്, സൗദി, ഖത്തർ തുടങ്ങിയ വിദേശരാജ്യങ്ങളിൽ നിന്നുമാണ്; 51 ശതമാനം പേർ കർണാടക, തമിഴ്നാട്, മഹാരാഷ്ട്ര, തെലങ്കാന, ഹരിയാന തുടങ്ങിയ അയൽസംസ്ഥാനങ്ങളിൽ നിന്നുമാണ് കേരളത്തിലേക്ക് മടങ്ങിയെത്തിയിരിക്കുന്നത്.

ഇത്തരത്തിലുള്ള റിവേഴ്സ് മൈഗ്രേഷനും ടാലൻറ് പൂളിലെ വേഗത്തിലുള്ള വർധനവും സംസ്ഥാനത്തെ വ്യവസായ രംഗത്ത് ഗുണാത്മകമായ മാറ്റങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. പ്രത്യേകിച്ച് ഐ.ടി., സോഫ്റ്റ്വെയർ എഞ്ചിനീയറിംഗ്, ഫിനാൻസ്, സംരംഭകത്വം, അക്കൗണ്ടിംഗ്, അധ്യാപനം തുടങ്ങിയ മേഖലകളിൽ പ്രൊഫഷണൽ കഴിവുകളും തൊഴിൽ അവസരങ്ങളും ഗണ്യമായി വർധിച്ചിട്ടുണ്ട്. ടാലൻറ് പൂളിൽ 37 ശതമാനം വനിതകളാണെന്നത് സംസ്ഥാനത്തെ തൊഴിൽരംഗത്തെ ലിംഗ സമത്വത്തിന്റെ പുരോഗതിയും വ്യക്തമാക്കുന്നു. പ്രവാസി പ്രൊഫഷണലുകളും സംരംഭകരും സംസ്ഥാന സർക്കാരുമായുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനും അവരുടെ അറിവും പരിചയവും പ്രാവീണ്യവും സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് വിനിയോഗിക്കുന്നതിനും സർക്കാർ പ്രാധാന്യം നൽകുന്നു. നിക്ഷേപ സൗഹൃദ അന്തരീക്ഷം, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, പ്രാവീണ്യമുള്ള മനുഷ്യവിഭവശേഷി, നൂതന സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ വ്യവസായ മേഖലകളുടെ വളർച്ച എന്നിവ ഇതിന് ശക്തമായ പിന്തുണ നൽകുന്നു.

സംസ്ഥാനത്തെ ഒരു ഹൈടെക് ഹബ്ബാക്കി മാറ്റുന്നതിനായി Kerala Industrial Policy 2023 ഉൾപ്പെടെ വിവിധ നയങ്ങൾ സർക്കാർ നടപ്പിലാക്കി വരുന്നു. കയറ്റുമതി പ്രോത്സാഹന നയം, ഇ.എസ്.ജി. നയം, ഗ്രാഫീൻ നയം, ഹൈടെക് മാനുഫാക്ചറിംഗ് ഫ്രെയിംവർക്ക് എന്നിവ ഇതിനോടകം അംഗീകരിച്ചിട്ടുണ്ട്. കൂടാതെ ഗ്ലോബൽ കേപബിലിറ്റി സെൻ്ററുകൾ, കൃത്രിമ ബുദ്ധി, തുടങ്ങിയ ആധുനിക സാങ്കേതിക മേഖലകളിൽ കരട് നയങ്ങളും രൂപീകരിച്ചിട്ടുള്ളതും സർക്കാർ പരിഗണനയിലുമാണ്.

| | | | |
|---|---|---|---|
| | | | ഇത്തരത്തിലുള്ള നയപരമായ ഇടപെടലുകളും അടിസ്ഥാന സൗകര്യ വികസനവും ചേർന്നാണ് നിക്ഷേപം ആകർഷിക്കുന്നതിനും മികവുറ്റ പ്രൊഫഷണലുകൾക്കും സ്റ്റാർട്ടപ്പുകൾക്കും അനുയോജ്യമായ വ്യവസായ സൗഹൃദ അന്തരീക്ഷം ഒരുക്കുന്നതിനും സർക്കാർ തുടർച്ചയായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. അതിനാൽ, കേരളം ഇന്ന് റിവേഴ്സ് മൈഗ്രേഷൻ ശക്തമായി അനുഭവിക്കുന്നതോടൊപ്പം, നിക്ഷേപ സൗഹൃദവും ടാലൻറ് കേന്ദ്രീകൃതവുമായ സംസ്ഥാനമായി വളർന്നു വരുന്നതായി വ്യക്തമാകുന്നു |
| (സി) | മൂല്യാധിഷ്ഠിത ഭക്ഷ്യസംസ്കരണ മേഖലയിലുള്ള എം. എസ്. എം. ഇ കൾക്ക് ലോകബാങ്കിന്റെ സഹകരണത്തോടെ ധനസഹായം നൽകുന്ന പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (സി) | മൂല്യാധിഷ്ഠിത ഭക്ഷ്യസംസ്കരണ മേഖലയിലുള്ള എം. എസ്. എം. ഇ-കൾക്ക് ലോകബാങ്കിന്റെ സഹകരണത്തോടെ ധനസഹായം നൽകുന്ന പദ്ധതി പരിഗണനയിലുണ്ട്, മൂല്യാധിഷ്ഠിത ഭക്ഷ്യസംസ്കരണ മേഖലയിലുള്ള എം.എസ്.എം.ഇ-കൾക്കും കർഷകർക്കും ലോകബാങ്കിന്റെ സഹകരണത്തോടെ ധനസഹായം നൽകുന്ന കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ' (KERA) പദ്ധതി നിലവിലുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾക്ക് മൂല്യവർദ്ധനവ് വരുത്തുന്ന സംരംഭങ്ങളെ (MSME) പ്രോത്സാഹിപ്പി ക്കുകയും അവയ്ക്ക് ആഗോള വിപണി കണ്ടെത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കാർഷികാധിഷ്ഠിത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ (MSME), കർഷക ഉൽപാദക സംഘടനകൾ (FPO), സ്റ്റാർട്ടപ്പുകൾ എന്നിവർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും. |
| (ഡി) | എം. എസ്. എം. ഇ കളേക്കാൾ ചെറിയ സംരംഭങ്ങളായ നാനോ സംരംഭങ്ങളെ ശക്തിപ്പെടുത്താൻ പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | എം.എസ്.എം.ഇ.കളേക്കാൾ ചെറിയ സംരംഭങ്ങളായ നാനോ സംരംഭങ്ങളെ ശക്തിപ്പെടുത്താൻ വ്യവസായ വകുപ്പ് ചുവടെ പറയുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>1. നാനോ യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്പദ്ധതി<br>2. കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ)<br>കിൻഫ്രയിൽ നിലനിൽക്കുന്ന Ready to Occupy Built-up Space (SDF) ഉപയോഗപ്പെടുത്തി കുറഞ്ഞ നിക്ഷേപത്തിൽ നാനോ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ